**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3623** **26-10-2021 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുമുള്ള സർവ്വീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് പൊതുഗതാഗതത്തിന് ഏർപ്പെടുത്തിയിരുന്ന നിബന്ധനകളിൽ ഇളവ് നല്കിയ സാഹചര്യത്തിൽ മൂവാറ്റുപുഴയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നിർത്തിവെച്ച സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; | (എ) | കോവിഡ് നിയന്ത്രണങ്ങൾ കാരണം മൂവാറ്റുപുഴ ഡിപ്പോയിൽ നിന്നും താൽക്കാലികമായി നിർത്തി വച്ച സർവ്വീസുകളിൽ ജനോപകാരപ്രദവും വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾ പുനഃക്രമീകരണത്തിലൂടെ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. 2021 മാർച്ച് മാസത്തിൽ കോവിഡ് നിയന്ത്രണത്തിലെ ഇളവുകൾ പ്രഖ്യാപിച്ച ഘട്ടത്തിന് തുല്യമായ സർവ്വീസുകളാണ് നിലവിൽ മൂവാറ്റുപുഴ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്നത്. ഇളവുകൾ പൂർണ്ണമായും വരുന്നതോടെയും, യാത്രക്കാരുടെ ആവശ്യം വർദ്ധിക്കുന്നതോടുകൂടിയും ആവശ്യമെങ്കിൽ കൂടുതൽ സർവ്വീസുകൾ നടത്തുന്നതാണ്. കൂടുതൽ നഷ്ടം സഹിച്ച് ഡീസൽ തുക പോലും കിട്ടാത്ത സർവ്വീസുകൾ തുടർന്ന് നടത്തുവാൻ കഴിയാത്തതിനാൽ ബന്ധപ്പെട്ട എം.എൽ.എ അടക്കമുള്ള ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞ് ജനോപകാരപ്രദമായും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലും ട്രിപ്പുകൾ റൂട്ട് പ്ലാനിംഗിലൂടെ ലാഭകരമാക്കി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ട്രിപ്പുകൾ പുനഃക്രമീകരിക്കുകയും, യാതൊരു ഉപകാരവും ഇല്ലാത്ത ഡീസൽ തുക പോലും ലഭിക്കാത്ത സർവ്വീസുകൾ ജനോപകാരപ്രദമായി ഇത്തരത്തിൽ ക്രമീകരിക്കുന്നതിനും പ്രസ്തുത ക്രമീകരണത്തിനു ശേഷവും പൊതുജനങ്ങളുടെ യാത്രാവശ്യത്തിലേയ്ക്ക് അധിക സർവ്വീസുകൾ ആവശ്യമായി വന്നാൽ പരിശോധിച്ച് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | നിലവിൽ സർവ്വീസ് ഇല്ലാത്തതിനാൽ ജനങ്ങൾ ഏറെ ബുദ്ധിമുട്ടുന്നതും യാത്രക്കാർ ഏറെയുള്ളതുമായ സൂപ്പർ ക്ലാസ് സർവ്വീസുകളായ തൃശ്ശൂർ (7.05), | (ബി) | സൂപ്പർ ക്ലാസ് സർവ്വീസുകളായ തൃശ്ശൂർ (7.05), പാലക്കാട് (7.30), തിരുവനന്തപുരം (23.00) എന്നീ സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ എൻ.എച്ച്, എം.സി |

| | | | |
|---|---|---|---|
| | പാലക്കാട് (7.30), കോട്ടയം സേനാപതി (10.45), തിരുവനന്തപുരം (23.00) എന്നീ സർവ്വീസുകൾക്ക് പ്രഥമ പരിഗണന നൽകി അടിയന്തരമായി പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ? | | വഴി 15 മിനിറ്റ് ഇടവേളകളിൽ തിരുവനന്തപുരം-തൃശ്ശൂർ ഷെഡ്യൂളുകൾ 06.05.2019 മുതൽ ക്രമീകരിച്ചപ്പോൾ ഒരേ സമയത്ത് മൂവാറ്റുപുഴ വഴി ഒന്നിലധികം സർവ്വീസുകൾ കടന്നു പോകുന്ന സാഹചര്യത്തിലാണ് ടി സൂപ്പർ ക്ലാസ് സർവ്വീസുകൾ ഒഴിവാക്കപ്പെട്ടത്. എന്നാൽ കോട്ടയം സേനാപതി (10.45) സർവ്വീസ് കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിലാണ് ഓടിക്കുവാൻ സാധിക്കാത്തത്. കോവിഡ് നിയന്ത്രണങ്ങളിൽ നിലവിൽ കൂടുതൽ ഇളവുകൾ സർക്കാർ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ യാത്രക്കാരുടെ ആവശ്യം അനുസരിച്ച് ടി സർവ്വീസ് പുനരാരംഭിക്കുന്നത് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ